പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1148 04.02.2019-ൽ മറുപടിക്ക്

# കായംകുളം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കോയിക്കൽപടിക്കൽ പാലം, കല്ലുകടവ് പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) **കോയിക്കൽ പാലം.** PRICE ID No. 2018/79 പ്രകാരം 406 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കാനായി 03.01.2019-ൽ സർക്കാരിലേയ്ക്ക് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധനക്കുശേഷം ബഡ്ജറ്റ് പ്രൊവിഷൻ, ശീർഷകം എന്നിവ അറിയിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**കല്ലുകടവ് പാലം.** എസ്റ്റിമേറ്റ് പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി). മണ്ഡലത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ? | (ബി) 1. ബഡ്ജറ്റ് 2017-18 – **പാർക്ക് ജംഗ്ഷൻ പാലം-** വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി തയ്യാറാക്കി വരുന്നു. സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾക്കായുള്ള പ്രൊപ്പോസൽ 27.10.2018-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധനക്കുശേഷം ടി പ്രൊപ്പോസൽ ഡയറക്ട്/നെഗോഷ്യയേറ്റഡ് പർച്ചേസ് പ്രകാരമുള്ളതായതിനാൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി കൈമാറിയിട്ടുണ്ട്.<br>2. ബഡ്ജറ്റ് 2017-18- **കണ്ണീശക്കടവ് പാലം-** ഭരണാനുമതി നൽകി. സർക്കാർ ഉത്തരവ് നമ്പർ G.O(Rt)No. 1795/2018/PWD തീയതി 19.11.2018 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

3. ബഡ്ജറ്റ് 2018-19- മുട്ടേൽ പാലം- എഗ്രിമെന്റ് വച്ചു.

4. കിഫ്ബി 17-18 മുനമേൽക്കടവ്- സൊസൈറ്റിക്കടവ് പാലം- ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ ഈ പ്രോജക്ടിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു.

S. Bindu

സെക്ഷൻ ഓഫീസർ